LIBRARY ARCHIVES Kerala Legislative Assembly

സ്ഥിരം എക്സൈസ് ചെക്ക് പോസ്റ്റ്

158 (169) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട്-കർണ്ണാടക അതിർത്തിയായ തോൽപ്പെട്ടിയിൽ സ്ഥിരം എക്സൈസ് ചെക്ക്പോസ്റ്റ് ഇല്ലാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

വയനാട്-കർണ്ണാടക അതിർത്തിയിലെ തോൽപ്പെട്ടിയിൽ സ്ഥിരം എക്സൈസ് ചെക്ക്പോസ്റ്റ് നിലവിലില്ലെങ്കിലും ഒരു താൽക്കാലിക എക്സൈസ് ചെക്കിംഗ് സംവിധാനം നിലവിലുണ്ട്.

(ബി) നിരവധി എക്സൈസ് കേസ്സുകൾ ദിനംപ്രതി റിപ്പോർട്ട് ചെയ്യപ്പെടുന്ന തോൽപ്പെട്ടിയിൽ അടിയന്തരമായി സ്ഥിരം എക്സൈസ് ചെക്ക്പോസ്റ്റ് സ്ഥാപിക്കുന്ന കാര്യം പരിഗണിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

തഴക്കരയിലെ എക്സൈസ് കോംപ്ലക്സ്

159 (170) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാവേലിക്കരയിലെ എക്സൈസ് ഓഫീസുകൾക്കായി തഴക്കരയിൽ അനുവദിച്ച എക്സൈസ് കോംപ്ലക്സിന്റെ നിർമ്മാണ പുരോഗതി വിശദമാക്കുമോ?

മാവേലിക്കര എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിനായി പൊതുമരാമത്ത് വകുപ്പ് ലഭ്യമാക്കിയ 247.12 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും സഹിതമുള്ള പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

കാസർഗോഡ് ജില്ലയിൽ അനധികൃത മദ്യം കടത്ത് വ്യാപകം

160 (171) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗണിന്റെ മറവിൽ കാസർഗോഡ് ജില്ലയിൽ അനധികൃത മദ്യം കടത്ത് വ്യാപകമായിട്ടുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) കഴിഞ്ഞ ഒരു മാസത്തിനിടെ ഈ വിഷയത്തിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്ര ലക്ഷം രൂപയുടെ മദ്യം പിടിച്ചെടുത്തിട്ടുണ്ടെന്നും വിശദമാക്കുമോ?

2021 മേയ് മാസം 1-ാം തീയതി മുതൽ 31-ാം തീയതി വരെ 128 അബ്കാരി കേസ്സുകൾ രജിസ്റ്റർ ചെയ്യുകയും 4087 ലിറ്റർ അന്യ സംസ്ഥാനത്തിൽ നിന്നുള്ള മദ്യവും 48 ലിറ്റർ ചാരായവും 2385 ലിറ്റർ വാഷും മദ്യം കടത്താൻ ഉപയോഗിച്ച 37 വാഹനങ്ങളും പിടിച്ചെടുത്തിട്ടുമുണ്ട്. പിടിച്ചെടുത്ത അന്യസംസ്ഥാന മദ്യത്തിന് ഉദ്ദേശം 20 ലക്ഷം രൂപ വില വരും.

(സി) ഇത് തടയുന്നതിന് എന്തെങ്കിലും പ്രത്യേക നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

കാസർഗോഡ് ഡിവിഷനിൽ 2 താലൂക്കുതല സ്ക്വെക്കിംഗ് ഫോഴ്സും ഒരു ബോർഡർ പട്രോൾ യൂണിറ്റും 24 മണിക്കൂറും പ്രവർത്തിച്ച് അതിർത്തി പ്രദേശങ്ങൾവഴി വരുന്ന വാഹനങ്ങൾ പരിശോധിച്ചും പൊതുജനങ്ങളിൽനിന്നും മറ്റും ലഭിക്കുന്ന പരാതികളുടെ അടിസ്ഥാനത്തിലും ഉടൻ നടപടി സ്വീകരിക്കുകയും ചെയ്യുന്നുണ്ട്. ട്രയിൻ മാർഗ്ഗം മദ്യം കടത്തിക്കൊണ്ടുവരുന്നത് തടയുന്നതിന് റെയിൽവേ സംരക്ഷണ സേനയുമായി സഹകരിച്ചും തീരദേശ/മലയോര മേഖലകളിൽ പോലീസ് വകുപ്പിന്റെ സഹായത്തോടെയും സംയുക്ത പരിശോധനകൾ നടത്തിവരുന്നുണ്ട്. ലോക്ഡൗൺ കാലയളവിൽ അടഞ്ഞുകിടക്കുന്ന മദ്യഷാപ്പുകളുടെ പരിസരത്ത് പ്രത്യേക നിരീക്ഷണവും പരിശോധനയും നടത്തിവരുന്നു.

ലോക്ഡൗൺമൂലം സംസ്ഥാനത്തെ ബിവറേജസ് കോർപ്പറേഷന് ഉണ്ടായ നഷ്ടം

161 (172) ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോക്ഡൗൺമൂലം സംസ്ഥാനത്തെ ബിവറേജസ് കോർപ്പറേഷന്റെ മദ്യശാലകൾ അടച്ചതുമൂലം കോർപ്പറേഷന് ഉണ്ടായ സാമ്പത്തിക നഷ്ടം കണക്കിലെടുത്തിട്ടുണ്ടോ?

2019-20 കാലയളവിലെ ഇതേ മാസത്തെ വിൽപ്പനയുമായി താരതമ്യം ചെയ്യുമ്പോൾ ഏകദേശം 1,700 കോടി രൂപയുടെ വിൽപ്പന നഷ്ടം ഉള്ളതായി കാണുന്നു.

(ബി) പ്രസ്തുത നഷ്ടം നികത്താൻ ഓൺലൈനിലൂടെ ബുക്ക് ചെയ്യുന്നവർക്ക് വീടുകളിൽ മദ്യം എത്തിച്ചുനൽകുന്നതിന് ബെവ്കോ തീരുമാനിച്ചിട്ടുണ്ടോ?

നിലവിൽ പരിഗണനയിലില്ല.